# വിജ്ഞാപനം

നമ്പർ: 342/2008/സം.തി.ക.　　　　　　　　തിരുവനന്തപുരം, 2008 സെപ്റ്റംബർ 15

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ **2008 സെപ്റ്റംബർ 15 (തിങ്കൾ) -ാം** തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, കമ്മീഷന്റെ അതേ തീയതിയിലെ 341/2008/സം.തി.ക നമ്പർ വിജ്ഞാപന പ്രകാരം, സംസ്ഥാനത്ത് വിവിധ ജില്ലകളിലെ, താഴെ പട്ടികയിൽ പറയുന്ന ബ്ലോക്ക് /ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ നടത്തേ ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച് ;

| | | | |
|---|---|---|---|
| (എ) | 2008 സെപ്റ്റംബർ 22 (തിങ്കൾ) | : | നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായും ; |
| (ബി) | 2008 സെപ്റ്റംബർ 23 (ചൊവ്വ) | : | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള തീയതിയായും ; |
| (സി) | 2008 സെപ്റ്റംബർ 25 (വ്യാഴം) | : | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും ; |
| (ഡി) | 2008 ഒക്ടോബർ 16 (വ്യാഴം) | : | ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും ; |
| (ഇ) | 2008 നവംബർ 10 (തിങ്കൾ) | : | തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും ; |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം (1994-ലെ 13-ാം നിയമം) 49-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ നിശ്ചയിക്കുന്നു.

# പട്ടിക

| ക്രമ നമ്പർ | ജില്ല | ബ്ലോക്ക്/ഗ്രാമപഞ്ചായത്തിന്റെ നമ്പരും പേരും | നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും | സംവരണ വിവരം |
|---|---|---|---|---|
| 1. | കൊല്ലം | ബി. 13 ഓച്ചിറ | 06 ചിറ്റുമൂല | പട്ടികജാതി |
| 2. | പത്തനംതിട്ട | ജി.08 കടപ്ര | 12 കടപ്രമാന്നാർ | ജനറൽ |
| 3. | കണ്ണൂർ | ജി. 67 വേങ്ങാട് | 02 കല്ലായി | ജനറൽ |

കേരള സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം
തിരുവനന്തപുരം - 33

**ബി. ശ്രീദേവി**
സെക്രട്ടറി
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ